Kerala Homestay and Tourism Society
Reg. No. ER 99/08
*Registered under Travancore Cochin Charitable Societies Act.*

Kerala Hats
Kerala Homestay & Tourism Society

**30-4-2018 ൽ ബഹു. സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സംസ്ഥാന ടൂറിസം ഉപദേശകസമിതി മുമ്പാകെ സമർപ്പിക്കുന്നത്.**

ബഹു. സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവർകൾ 2017 ൽ പ്രഖ്യാപിച്ച ടൂറിസം നയത്തിൽ 1000/ക്ലാസിഫൈഡ് ഹോംസ്റ്റേകൾ രൂപീകരിക്കുമെന്നു അറിയിച്ചിരുന്നു. ഈ ലക്ഷ്യം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് Kerala Hats ഉം പ്രവർത്തിച്ചുവരുന്നത്.

എന്നാൽ നിലവിലെ സാഹചര്യം കണക്കിലെടുക്കുമ്പോൾ നമുക്കു ഈ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയില്ല. ഇതിന്റെ കാരണങ്ങളും പരിഹാരങ്ങളും അടിയന്തിര ശ്രദ്ധയിലേക്കും നടപടിയിലേക്കും സമർപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

1) ടൂറിസം വകുപ്പിൽ നിന്നും ഒരു കുടുംബം ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് എടുക്കണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും **ഓണർ കം റസിഡൻസ് സർട്ടിഫിക്കറ്റ്** എടുക്കണം. ഇത് എടുക്കണമെങ്കിൽ **2015 എൽഎസ്ജിഡി ഇറക്കിയ ഉത്തരവുപ്രകാരം** (കോപ്പിവയ്ക്കുന്നു) സ്ക്വയർമീറ്ററിൽ 30 രൂപ മുതൽ 60 രൂപ വരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആദ്യം കെട്ടിവയ്ക്കണം.

2) 5 അംഗങ്ങളുടെ ഒരു കുടുംബത്തിൽ 4 കിടപ്പുമുറിയിൽ 1 മുറിക്കു മാത്രം ക്ലാസിഫിക്കേഷനു അപേക്ഷിച്ചാലും വീടിന്റെ മൊത്തം പ്ലിൻത് ഏരിയാക്ക് പഞ്ചായത്തുകൾ തുക ഈടാക്കും. ഉദാ: 1000 സ്ക്വയർ മീറ്ററുള്ള ഒരു വീടാണെങ്കിൽ 1000 x 60 = 60,000 രൂപ (അറുപതിനായിരം) കെട്ടിവയ്ക്കേണ്ടി വരും. നിലവിൽ പല പഞ്ചായത്തുകളും തുക വാങ്ങിക്കൊണ്ടിരിക്കുന്നു.

3) ടൂറിസം വകുപ്പിൽ നിന്നും ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയാൽ വിദേശ ഗസ്റ്റുകളെ താമസിപ്പിക്കണമെങ്കിൽ **FRRO** യിൽ രജിസ്ട്രർ ചെയ്തു പാസ്വേർഡ് വാങ്ങണം. **FRRO** യിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് നിർബന്ധമാണ് ലൈസൻസു വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ചെല്ലുമ്പോൾ താൻ താമസിക്കുന്ന വീട് ഒരു **കൊമേഴ്സ്യൽ സ്ഥാപനമാക്കി മാറ്റി പുതിയ നമ്പറിട്ടാൽ** മാത്രമേ ലൈസൻസ് തരുകയുള്ളു.

4) ടൂറിസം വകുപ്പിന്റെ പ്രോത്സാഹന പ്രകാരം ഹോംസ്റ്റേകളിലെ ക്ലാസിഫിക്കേഷനുള്ള വീടുകളാക്കാൻ ചെല്ലുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളെ **വ്യവസായ യൂണിറ്റുകളാക്കി** മാറ്റുന്നു.

5) ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റും ലൈസൻസും എടുക്കുന്നതോടെ ഒരു വീട്ടുടമ നാളിതുവരെ തനിക്ക് വീട് എന്ന നിലയിൽ സർക്കാർ നൽകി വന്ന അധികാരങ്ങളും, ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യത്തിലാകുന്നു. തന്റെ വീട് ഒരു കൊമേഴ്സ്യൽ സ്ഥാപനമായി മാറ്റപ്പെടുന്നു.

6) ഹോംസ്റ്റേ ലൈസൻസ് ലഭ്യമാക്കുന്നതോടെ **KWA** തന്റെ കുടുംബം മുഴുവൻ ഉപയോഗിച്ചു വന്ന കുടിവെള്ളത്തിനു **വ്യവസായ താരിഫ്** ചുമത്തുന്നു.

Chairman - **P.N. Prasannakumar**. Mob : 9495527022 (Member Kerala Khadi and Village Industries) Vice Chairman - **T.B. Jagadeesh Kumar** Mob : 9846044211
Director - **M.P. Sivadathan** (Former Panchayath President, Kumbalangi) Mob : 93492 53124, 9496693124 E-mail : sivadattan@gmail.com
Technical Expert - **Dr. K. Muraleedhara Menon** (Former Director, Hydel Tourism, Govt. of Kerala) Mob : 93878 12067
Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala, E-mail : keralahats@gmail.com
**www.homestaykerala.org**